# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2451 — 12/02/2020-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷനുകൾ

| | ചോദ്യം<br><br>**ശ്രീ.യു. ആർ. പ്രദീപ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ വഴി എത്ര ഗാർഹിക, കാർഷിക, വ്യാവസായിക കണക്ഷനുകൾ നല്കിയിട്ടുണ്ടെന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2019 ഡിസംബർ മാസം വരെ നൽകിയിട്ടുള്ള എൽ. ടി ഗാർഹിക, കാർഷിക, വ്യാവസായിക വൈദ്യുതി കണക്ഷനുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>ഗാർഹിക കണക്ഷനുകൾ എണ്ണം - 679440<br>കാർഷികാവശ്യത്തിനുള്ള കണക്ഷനുകൾ എണ്ണം - 46252<br>വ്യാവസായിക കണക്ഷനുകൾ എണ്ണം - 19136 |
| (ബി) | വൈദ്യുതി കണക്ഷനുകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശരേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1500 ചതുരശ്ര അടി വരെ വിസ്തീർണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.<br>02.11.2018- ലെ ബോർഡ് ഉത്തരവു പ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാട്ടു വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നല്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്.<br>വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതാതു സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമേ ഓൺലൈൻ വഴി സ്വീകരിച്ചും ഓൺലൈൻ അപേക്ഷകൾക്ക് അപേക്ഷാഫീസ് ഒഴിവാക്കിയും സർവീസ് കണക്ഷൻ നൽകുന്നതിനു ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിയിലും കുറഞ്ഞ സമയത്തിനുള്ളിൽ കണക്ഷനുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകി വരുന്നു |

സെക്ഷൻ ഓഫീസർ